# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 311

13-07-2015- ൽ മറുപടിക്ക്

## തുറമുഖ പദ്ധതികൾ പൊതുമേഖലയിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ :<br>ശ്രീ. എം.എ.ബേബി :<br>പ്രൊഫ.സി.രവീന്ദ്രനാഥ് :<br>ശ്രീ. എളമരം കരീം : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) രാജ്യത്തെ തുറമുഖ പദ്ധതികൾ പൊതുമേഖലയിൽ മാത്രമായിരിക്കണമെന്ന പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാജ്യത്തെ മുഴുവൻ തുറമുഖ പദ്ധതികളെയും സംബന്ധിച്ച് പഠിച്ചതിനുശേഷമാണ് ഇത്തരമൊരു തീരുമാനം കമ്മിറ്റി എടുത്തിട്ടുള്ളതെന്നറിയാമോ; | (എ) പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടുകളിൽ രാജ്യത്തെ തുറമുഖങ്ങൾ പൊതുമേഖലയിൽ മാത്രമായിരിക്കണമെന്ന തീരുമാനമോ ശുപാർശയോ ഉള്ളതായി കാണുന്നില്ല. രാജ്യത്തെ മുഴുവൻ തുറമുഖ പദ്ധതികളേയും സംബന്ധിച്ച് പഠിച്ചതിനു ശേഷമാണോ ഇത്തരമൊരു തീരുമാനം കമ്മിറ്റി എടുത്തിട്ടുള്ളത് എന്ന വിവരം ലഭ്യമല്ല. |
| (ബി) സംസ്ഥാനത്ത് പുതിയ തുറമുഖ പദ്ധതികളുടെ കാര്യത്തിൽ ഇത് ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ; | (ബി) പൊന്നാനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതി പി.പി.പി. മോഡലിലാണ് നടപ്പിലാക്കുന്നത്. |
| (സി) വിഴിഞ്ഞം പദ്ധതി പൊതുമേഖലയ്ക്ക് നൽകണമെന്ന നിലപാടാണ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സംസ്ഥാനത്ത് നിന്നുള്ള പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എടുത്തതെന്ന കാര്യം അറിയാമോ ? | (സി) 28/04/2015 ൽ പാർലമെന്റിൽ സമർപ്പിച്ച 221-ാമത്തെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പതിനാറു മീറ്റർ സ്വാഭാവിക ആഴമുള്ള വിഴിഞ്ഞം തുറമുഖം കേന്ദ്ര സഹായത്തോടെ വികസിപ്പിക്കണമെന്നും കബോട്ടാഷ് നിയമം വിഴിഞ്ഞം തുറമുഖത്തിനായി പുനപരിശോധിക്കാനും വേണ്ട പരിഹാര നടപടിക്രമങ്ങൾ ഉടനടി എടുക്കാനും |

കമ്മിറ്റി ശുപാർശ ചെയ്യുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റിയിലുള്ള കേരള സംസ്ഥാനത്തെ പ്രതിനിധികൾ വിഴിഞ്ഞം പദ്ധതി പൊതുമേഖലയ്ക്ക് നല്കണമെന്ന നിലപാട് എടുത്തതായി പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ